ഉത്തരം

(എ) പതിനൊന്ന് നിയോജകമണ്ഡലങ്ങളിൽ വ്യവസായ കേന്ദ്രങ്ങളുടെ അടിസ്ഥാന വികസനപ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടങ്ങളിലാണ്.

(ബി) അടിസ്ഥാന വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി വ്യവസായികൾക്ക് ഭൂമി അനുവദിച്ചതിനുശേഷം മാത്രമേ വ്യവസായങ്ങൾ ആരംഭിക്കുകയുള്ളൂ.

(സി) ഉദ്ദേശിക്കുന്നുണ്ട്.

(ഡി,ഇ) ഒരു നിയോജകമണ്ഡലത്തിൽ ഒരു വ്യവസായ കേന്ദ്രം എന്ന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ വ്യവസായങ്ങൾ ആരംഭിച്ചിട്ടില്ല.

(എഫ്,ജി) ചോദ്യം ഉദിക്കുന്നില്ല.

പൊതുമേഖലാ സ്ഥാപനങ്ങൾ

11 (520)ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പൊതുമേഖലയിൽ എന്തു തുക നിക്ഷേപിച്ചു;

(ബി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്തു തുക വീതമാണ് നിക്ഷേപിച്ചത്;

(സി) ഈ സ്ഥാപനങ്ങളിൽ ഏതെല്ലാം നഷ്ടത്തിൽ നടക്കുന്നു;

(ഡി) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം ഇവയോരോന്നും വരുത്തിവച്ച നഷ്ടം എത്ര വീതമാണ്;

(ഇ) ഈ ഗവൺമെന്റ് നിക്ഷേപം നടത്തിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതെല്ലാം ലാഭത്തിൽ നടക്കുന്നു;

(എഫ്) ഈ ഗവൺമെന്റിന്റെ കാലത്ത് അവയോരോന്നിൽ നിന്നും ലഭിച്ച ലാഭമെത്ര വീതമായിരുന്നു?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

വനിതാ വ്യവസായ യൂണിറ്റുകൾ

12 (522)ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൊത്തം വനിതാ യൂണിറ്റുകൾ എത്ര; അവയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തുടങ്ങിയിട്ടുള്ളവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വിശദമാക്കാമോ;

(ബി) വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഗവൺമെന്റിൽ നിന്നും നൽകിവരുന്ന സഹായങ്ങളും, അവയ്ക്കുവേണ്ടി ചെലവഴിച്ചിട്ടുള്ള മൊത്തം തുകയും എത്ര?

1185/2010.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് മൊത്തം 39244 വനിതാ വ്യവസായ യൂണിറ്റുകൾ വനിതാ വ്യവസായ പദ്ധതിയിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അവയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തുടങ്ങിയിട്ടുള്ളവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ കൊടുക്കുന്നു.

1. തിരുവനന്തപുരം	-	651
2. കൊല്ലം	-	508
3. പത്തനംതിട്ട	-	403
4. ആലപ്പുഴ	-	526
5. കോട്ടയം	-	593
6. ഇടുക്കി	-	223
7. എറണാകുളം	-	748
8. തൃശൂർ	-	610
9. പാലക്കാട്	-	376
10. മലപ്പുറം	-	288
11. കോഴിക്കോട്	-	340
12. വയനാട്	-	190
13. കണ്ണൂർ	-	263
14. കാസർഗോഡ്	-	196
ആകെ		5915

(ബി) വനിതാ വ്യവസായ യൂണിറ്റുകൾക്ക് കെട്ടിട നിർമ്മാണ ഗ്രാന്റ്, കെട്ടിട വാടക ഗ്രാന്റ്, മെഷിനറി ഗ്രാന്റ്, മാനേജീരിയൽ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ഗവൺമെന്റ് സാമ്പത്തിക സഹായങ്ങൾ നൽകിവരുന്നു. സാങ്കേതിക പരിശീലനം ആവശ്യമായ വനിതാ വ്യവസായ സംരംഭകർക്കും വനിതാ വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾക്കും 500 രൂപ സ്റ്റൈപ്പന്റോടുകൂടി 6 മാസത്തെ പരിശീലനം നൽകാനും പദ്ധതിയുണ്ട്. ഉല്പന്നങ്ങളുടെ വിപണനത്തിനു സഹായമായി സാധാരണ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ വനിതാ വ്യവസായ സംരംഭകർക്കും ബാധകമാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന വനിതാ വ്യവസായങ്ങളെ പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി അതിന്റെ ആനുകൂല്യം നൽകുന്നുണ്ട്. 1990-91 സാമ്പത്തിക വർഷം മുതൽ 1997-98 സാമ്പത്തിക വർഷം വരെ വനിതാ വ്യവസായ പദ്ധതിക്കു വേണ്ടി ചെലവഴിച്ചിട്ടുള്ള തുകയുടെ വിവരം താഴെ കൊടുക്കുന്നു.

വർഷം		ചെലവ്
1990-91	-	74 ലക്ഷം
1991-92	-	75.10 ലക്ഷം
1992-93	-	103 ലക്ഷം
1993-94	-	120 ലക്ഷം
1994-95	-	146 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

1995-96	-	143 ലക്ഷം
1996-97	-	150 ലക്ഷം
1997-98	-	25 ലക്ഷം

1997-98 സാമ്പത്തിക വർഷത്തിൽ വനിതാ വ്യവസായ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടു. അതിനുശേഷം ടി പദ്ധതിക്ക് വ്യവസായ വകുപ്പിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നില്ല.

പുതിയ വ്യവസായങ്ങൾ

13 (524)ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര വ്യവസായങ്ങൾ പുതിയിട്ടുണ്ട്;

(ബി) അതിനുള്ള കാരണമെന്താണ്;

(സി) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന ഏതെങ്കിലും വ്യവസായങ്ങൾ ഈ കാലഘട്ടത്തിൽ സംസ്ഥാനത്തിനു പുറത്തേക്ക് മാറ്റിയിട്ടുണ്ടോ, എങ്കിൽ ഏതെല്ലാം വ്യവസായങ്ങൾ;

(ഡി) അവ സംസ്ഥാനത്തു നിന്നും മാറ്റുവാനുള്ള കാരണം എന്താണ്?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വിവിധ കാരണങ്ങളാൽ വൻകിട-ഇടത്തര മേഖലയിൽ (കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിൽ) 28 വ്യവസായങ്ങൾ പൂട്ടിയിട്ടുണ്ട്. 31.10.2000 ത്തിലെ കണക്കനുസരിച്ച് സമരം, ലോക്കൗട്ട്, ലേ-ഓഫ് എന്നീ കാരണങ്ങളാൽ നിലവിൽ 35 വ്യവസായ സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുന്നുണ്ട്. ചെറുകിട വ്യവസായ മേഖലയിൽ 1088 സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ട്. പൊതു മേഖലാസ്ഥാപനങ്ങൾ ഒന്നും തന്നെ അടച്ചു പൂട്ടിയിട്ടില്ല.

(ബി) നഷ്ടം, സാമ്പത്തികബുദ്ധിമുട്ട്, തൊഴിൽപ്രശ്നങ്ങൾ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള ബുദ്ധിമുട്ട്, ഒരേ സ്വഭാവമുള്ള യൂണിറ്റുകളുടെ കിടമത്സരം എന്നീ കാരണങ്ങളിലാണ് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ പൂട്ടിയിട്ടുള്ളത്.

(സി) ഉണ്ട്. മാങ്കംപസ്റ്റബിൾ പാക്ക് ലിമിറ്റഡ്, പാലക്കാട്.

(ഡി) അഗ്നിബാധ കാരണം കമ്പനി അടച്ചുപൂട്ടിയതുമൂലമാണ് അതിന്റെ ഉടമസ്ഥർ ആന്ധ്രാപ്രദേശിൽ പുതിയശാല ആരംഭിച്ചത്.

"കെ.എ.എ.എസ്. ന്റെ വികസന പദ്ധതി"

14 (525)ശ്രീ. കെ. കുട്ടിഅഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly